# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2971   17/10/2016 ൽ മറുപടിക്ക്

### പുതിയ റേഷൻകാർഡ് നല്കുന്നതിനുള്ള മാനദണ്ഡം

<u>ചോദ്യം</u>

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ് :

<u>ഉത്തരം</u>

ശ്രീ.പി.തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) പുതിയ റേഷൻ കാർഡ് നല്കുന്നതിന് മുന്നോടിയായി മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള റാങ്ക് പട്ടിക പൂർത്തിയായിട്ടുണ്ടോ ; | എ) & ബി) ഉണ്ട്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. താലൂക്ക്തല റാങ്കിംഗിനു പകരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനതല റാങ്കിംഗാണ് നടത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ക്ലാസ്-4 ജീവനക്കാരെ കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സോഫ്റ്റ് വെയറിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. |
| ബി) പുതിയ റേഷൻ കാർഡ് നല്കുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡത്തിൽ ഈ സർക്കാർ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ; പുതുക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ പരിഷ്കരിച്ചുവോയെന്ന് വ്യക്തമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**